"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ബഹു. കേരള ഹൈക്കോടതിയുടെ Contempt Case (C) 2728/24-ന്മേലുള്ള ഉത്തരവുകൾ പാലിക്കുന്നത് -പാലക്കാട് ജില്ല -പാലക്കാട് മുനിസിപ്പാലിറ്റി- മുൻസിപ്പൽ ലാൻഡ് അസൈൻമെന്റ് കമ്മിറ്റിയിൽ വച്ച് കൊണ്ട് മുൻസിപ്പൽ ലാൻഡ് അസൈൻമെന്റ് റൂൾസ് പ്രകാരം വസ്തു പതിച്ചു കൊടുക്കാൻ അനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(കൈ) നം.108/2025/LSGD തീയതി, തിരുവനന്തപുരം, 27-06-2025**

---

പരാമർശം:-

1. EX SA 16/2020 കേസിന്മേലുള്ള ബഹു. കേരള ഹൈക്കോടതിയുടെ 19/02/2024 തീയതിയിലെ ഉത്തരവ്.
2. ബഹു. കേരള ഹൈക്കോടതിയുടെ Contempt Case (C) 2728/24 - ന്മേലുള്ള 03/01/2024, 16/12/2024, 22/11/2024,10/06/2025 എന്നീ തീയതികളിലെ ഇടക്കാല ഉത്തരവുകൾ.
3. സ.ഉ.(കൈ) നം.38/2025/LSGD, തീയതി, 21-02-2025.

**<u>ഉത്തരവ്</u>**

പാലക്കാട് - കൽപ്പാത്തി - കൽമണ്ഡപം ബൈപാസ് റോഡ് വികസനത്തിനായി ശ്രീ. കൃഷ്ണനുണ്ണി എന്നവരുടെ ഉടമസ്ഥതയിലുള്ള 13.25 സെൻറ് സ്ഥലം ഏറ്റെടുക്കുകയും ടി സ്ഥലത്ത് പൊതുമരാമത്ത് വകുപ്പ് റോഡ് പണി നടത്തുകയും ചെയ്തിട്ടുള്ളതാണ്. സ്ഥലം നഷ്ടപ്പെട്ട ശ്രീ. കൃഷ്ണനുണ്ണി എന്നവർക്ക്, പകരം സ്ഥലം നൽകുന്നതിനുള്ള നടപടികളൊന്നും ഇല്ലാതിരുന്നതിനാൽ ടിയാൻ OS 469/2001 ഫയൽ ചെയ്തിട്ടുള്ളതും ടിയാന് പകരം സ്ഥലം നൽകണമെന്ന് പാലക്കാട് മുനിസിപ്പാലിറ്റിക്ക് കോടതി ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്. ടി വിഷയവുമായി ബന്ധപ്പെട്ട് പാലക്കാട് മുനിസിപ്പാലിറ്റി ഫയൽ ചെയ്തിട്ടുള്ള Ex.SA.16/2020-ന്മേൽ 3 മാസത്തിനകം ശ്രീ. കൃഷ്ണനുണ്ണിക്ക് സ്ഥലം അസൈൻ ചെയ്തു നൽകണമെന്ന് പരാമർശം (1) പ്രകാരം ബഹു ഹൈക്കോടതി ഉത്തരവായിട്ടുള്ളതാണ്. എന്നാൽ ടി വിധി നടപ്പാക്കാത്തതിനെ തുടർന്ന് ശ്രീ. കൃഷ്ണനുണ്ണി എന്നവർ ഫയൽ ചെയ്ത Cont. Case No.2728/2024 കേസിൽ ഇതിനകം കണ്ടെത്തിയ 10 സെന്റ് ഭൂമി പരാതിക്കാരന് വിട്ടുനൽകുന്നതിനായി സർക്കാരിൽ പുനർ നിക്ഷിപ്തമാക്കുന്നതിന് ബഹു. ഹൈക്കോടതി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് നിർദ്ദേശം നൽകി ഉത്തരവായിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ബഹു. കേരള ഹൈക്കോടതിയുടെ Cont. Case No.2728/2024 ന്മേലുള്ള ഉത്തരവുകൾ പാലിക്കുന്നതുമായി ബന്ധപ്പെട്ട്, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ (1994-ലെ 20) 215-ാം വകുപ്പും 2000-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കൈയ്യൊഴിക്കലും) ചട്ടങ്ങളിലെ 3-ാം ചട്ടം

(1-ാാം ഉപചട്ടം പ്രകാരവും പാലക്കാട് നഗരസഭ ആർജ്ജിച്ച, പാലക്കാട് 3 വില്ലേജിലെ റീസർവ്വേ ബ്ലോക്ക് 64, റീസർവ്വേ നമ്പർ 7 പാർട്ടിൽ ഉൾപ്പെട്ടതും വാർഡ് 2 ബ്ലോക്ക് 83, പഴയ സർവ്വേ 359 /1 (1) ൽ ഉൾപ്പെട്ടതുമായ 10 സെന്റ് "നാളതു പുറമ്പോക്ക് ഭൂമി" കൈയ്യൊഴിച്ച് ശ്രീ. കൃഷ്ണനുണ്ണിക്ക് നൽകുന്നതിന് പരാമർശം (3) പ്രകാരം പാലക്കാട് മുനിസിപ്പാലിറ്റിക്ക് അനുവാദം നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്.

ആയതിന്റെ അടിസ്ഥാനത്തിൽ മുൻസിപ്പൽ ലാൻഡ് അസ്സൈൻമെന്റ് കമ്മിറ്റിയിൽ വച്ച് കൊണ്ട് മുൻസിപ്പൽ ലാൻഡ് അസ്സൈൻമെന്റ് റൂൾസ് പ്രകാരം മേൽ പറഞ്ഞ 10 സെന്റ് സ്ഥലം ശ്രീ. കൃഷ്ണനുണ്ണിക്ക് പതിച്ച് നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ പാലക്കാട് നഗരസഭ സെക്രട്ടറിയെയും പാലക്കാട് ജില്ലാ കളക്ടറെയും ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

പ്രസ്തുത നടപടി പൂർത്തിയാക്കി വിവരം ബഹു. കോടതിയിലും സർക്കാരിലും റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. ഇപ്രകാരം പരാമർശം (2) വിധിന്യായം പാലിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ അദീല അബ്ദുള്ള ഐ എ എസ്**

**സ്പെഷ്യൽ സെക്രട്ടറി**

ജില്ലാ കളക്ടർ, പാലക്കാട്
സെക്രട്ടറി, പാലക്കാട് നഗരസഭ
അഡ്വക്കേറ്റ് ജനറൽ (കേരള), എറണാകുളം
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
റവന്യൂ വകുപ്പ് (REV-L1/61/2024-REV പ്രകാരം).
നിയമ വകുപ്പ് (20/02/2025 തീയതിയിലെ ലെഗ്.സി1/12/2025/നിയമം പ്രകാരം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/ഓഡിറ്റ് II), കേരള,
തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ&പി.ആർ.ഡി, വെബ് ന്യൂ മീഡിയ.
കരുതൽ ശേഖരം/ ഓഫീസ് പകർപ്പ് (ആർ. ഇ.2/116/2024/ത. സ്വ.ഭ.വ.)

ഉത്തരവിൻ പ്രകാരം

Signed by
Biju. B
Date: 28-06-2025 15:55:45

സെക്ഷൻ ഓഫീസർ